പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2376** — 8-12-2015 ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എളമരം കരീം<br>ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.സാജു പോൾ** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) പ്രധാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ടെങ്കിലും, പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ചു വർഷങ്ങളായി കാഴ്ചവച്ചിട്ടുള്ളത്.<br><br>സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുസ്ഥിതിയും, സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും, പ്രവർത്തന പുരോഗതിയും സർക്കാർതലത്തിൽ പ്രത്യേക അവലോകനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഫാക്ട്, എച്ച്.എം.ടി, വല്ലാർപാടം, എച്ച്.ഒ.സി തുടങ്ങി പ്രധാന വ്യവസായ സ്ഥാപനങ്ങളെല്ലാം തകർച്ചയിലാണെന്ന ആക്ഷേപം | (ബി) ഫാക്ട്, എച്ച്.എം.ടി, വല്ലാർപാടം, എച്ച്.ഒ.സി തുടങ്ങിയ പ്രധാന വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുന്നുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണം ലക്ഷ്യമാക്കിയുള്ള 991 |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം പരിശോധിച്ചിട്ടുണ്ടോ ; | | കോടിരൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.<br>HOCL ന്റെ ഉൽപ്പന്നങ്ങൾക്കുള്ള ആന്റി ഡംപിംഗ് ഡ്യൂട്ടി ആനുകൂല്യം കേന്ദ്ര സർക്കാർ പിൻവലിച്ചത് കാരണമാണ് HOCL നഷ്ടത്തിലേക്ക് നീങ്ങുവാൻ തുടങ്ങിയത്.<br>കൊച്ചിയിൽ നിന്നും മംഗലാപുരം വരെയുള്ള GAIL ന്റെ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി വൈകുന്നത് മൂലമാണ് വല്ലാർപാടംകണ്ടെയ്നർ ടെർമിനലിന് അതിന്റെ പൂർണ്ണ പ്രവർത്തന ശേഷി കൈവരിക്കുവാൻ സാധിക്കാത്തത്. ഈ പദ്ധതി ദ്രുതഗതിയിൽ പൂർത്തിയാക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്.<br>കേന്ദ്ര സർക്കാർ വകുപ്പുകൾ, റെയിൽവേ, പ്രതിരോധ വകുപ്പ് തുടങ്ങിയവയിൽ നിന്നും വേണ്ടത്ര ഓർഡറുകൾ ലഭിക്കാത്തതാണ് എച്ച്.എം.ടി യുടെ പ്രതിസന്ധിക്ക് പ്രധാന കാരണം പ്ലാന്റിന്റേയും മെഷിനറിയുടേയും നവീകരണത്തിന് ആവശ്യമായ ഫണ്ടിന്റെ അഭാവവും പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.<br>മേൽപ്പറഞ്ഞ സ്ഥാപനങ്ങളെല്ലാം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായതി നാൽ അവയുടെ പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. എന്നിരുന്നാലും ഈ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കും സംസ്ഥാന സർക്കാരിനെകൊണ്ട് കഴിയുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുമ്പോൾ ആവശ്യമായ നടപടികൾ സ്വീകരിച്ച് വ്യവസായം സംരക്ഷിച്ച് നിർത്തുന്നതിന് ക്രിയാത്മക നടപടി സ്വീകരിക്കാതെ സ്വകാര്യ കോർപ്പറേറ്റ് വ്യവസായ കുത്തകകൾക്ക് സഹായം ചെയ്യുന്നതിനോടാണ് ആഭിമുഖ്യം കാണിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിലപാട് | (സി) യും | ഇല്ല. പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാവശ്യമായ പദ്ധതികളും നയപരിപാടികളുമാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.<br>പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി ഓരോ സ്ഥാപനത്തിൻെറയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും, കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും, കാര്യക്ഷമമായ മാനേജ്മെൻറ് |

വ്യക്തമാക്കുമോ ;

(ഡി) യഥാസമയം ആവശ്യമായ ഇടപെടലുകൾ നടത്തിയാൽ നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്ന വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നിലപാടല്ല സ്വീകരിച്ചുവരുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ?

സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇതോടൊപ്പം തന്നെ വിപണി

(ഡി) യും വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക മുഖേന ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, കാലപ്പഴക്കം ചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ / ഹ്രസ്വകാല പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏകദേശം 839.90 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ നമ്മുടെ സാമ്പത്തിക രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സ്വകാര്യ സംരംഭങ്ങൾക്കും സർക്കാർ അർഹമായ പ്രോത്സാഹനവും സഹായവും നൽകിവരുന്നു.

സെക്ഷൻ ഓഫീസർ